LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷൻ സുരക്ഷ

170 (1875) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണ്ടാ-മാഫിയ സംഘങ്ങൾക്കെതിരായ 'ഓപ്പറേഷൻ സുരക്ഷ'-യുടെ ഭാഗമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയതിനുശേഷം മാഫിയാ പ്രവർത്തനങ്ങളിൽ കുറവ് വന്നിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഓപ്പറേഷൻ സുരക്ഷയുടെ ഭാഗമായി കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ഓപ്പറേഷൻ സുരക്ഷ പദ്ധതിയിലൂടെ പലവിധ കേസുകളിൽ ഉൾപ്പെട്ട കുറ്റവാളികളെ ടി പദ്ധതി പ്രകാരം കൂടുതൽ നിരീക്ഷണം നടത്തിയും/നിയമ ലംഘനമുണ്ടായാൽ കർശന നടപടി സ്വീകരിച്ചും വരുന്നു. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പിടികിട്ടാപ്പുള്ളികൾ ഉൾപ്പെടെയുള്ളവരെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടി ഓപ്പറേഷൻ സുരക്ഷ എന്ന പദ്ധതിയിലൂടെ എടുത്തുവരുന്നു. കൂടാതെ സ്ഥിരം കുറ്റവാളികളെ നിരീക്ഷിച്ച് അവരെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതെ അമർച്ച ചെയ്യുന്ന നടപടി ഊർജ്ജിതപ്പെടുത്തുന്നതിനും ടി പദ്ധതിയിലൂടെ കഴിയുന്നു. ഇതിനുപുറമേ സ്ഥിരം കുറ്റവാളികളെ ആവശ്യമെങ്കിൽ ഗുണ്ടാ നിയമത്തിന്റെ പരിധിയിൽ വരുത്തുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. അങ്ങനെ കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടുവരാൻ ടി പദ്ധതി സഹായിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയതിനുശേഷം മാഫിയ പ്രവർത്തനങ്ങളിൽ കുറവ് വന്നിട്ടുണ്ട്.

മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

171 (1876) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

ഉത്തരം

മലക്കപ്പാറ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് വനഭൂമി വിട്ടുകിട്ടുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.